# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.13295/23/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
14/07/2023.

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ഷേത്ര ജീവനക്കാർക്ക് പ്രായോഗിക പരിജ്ഞാനം നൽകുന്നത് സംബന്ധിച്ച്.

സൂചന:- ദേവസ്വം കമ്മീഷണറുടെ **29/06/2023**-ലെ **ROC.4869/23/Est-A** നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ദേവസ്വങ്ങളിൽ വിജിലൻസ് വിഭാഗത്തിന്റെ പരിശോധനാ വേളയിൽ, സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച്, ജോലി നോക്കി വരുന്നവർക്ക് രജിസ്റ്ററുകൾ മുറപ്രകാരം പരിപാലിക്കുന്നതിൽ വീഴ്ച വരുന്നത് പ്രായോഗിക പരിജ്ഞാനക്കുറവ് കൊണ്ടാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ടിയാളുകൾക്ക് പ്രായോഗിക പരിജ്ഞാനം നൽകുന്നതിന് വിജിലൻസ് ശിപാർശ ചെയ്തതിനെ തുടർന്ന് സൂചനയായി സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ / അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ ദേവസ്വം സന്ദർശിക്കുന്ന വേളയിൽ ദേവസ്വങ്ങളിൽ ജോലി നോക്കുന്ന ക്ഷേത്ര ജീവനക്കാർക്ക് തങ്ങളിൽ നിക്ഷിപ്തമായ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടത് എപ്രകാരമാണെന്നത് സംബന്ധിച്ച് ബോർഡിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കും പ്രകാരം നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായും ശ്രദ്ധ പുലർത്തേണ്ടതും വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
5. സെക്ഷൻ ഫയൽ.

AR.22/07